തൊഴിലധിഷ്ഠിത കോഴ്സുകൾ

410 [756] ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് 1980-ൽ ആരംഭിച്ച തൊഴിൽ സാദ്ധ്യതകളുള്ള 13 കോഴ്സുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സഹകാര്യ മേഖലയിൽ വളരെയേറെ തൊഴിൽ സാദ്ധ്യത ഉണ്ടായിരുന്ന ഇത്തരം കോഴ്സുകൾ തുടർന്ന് നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൊഴിൽ സാദ്ധ്യതകൾ കുറവാണെന്നു കണ്ടതിനാൽ പത്ത് ഒരു വർഷ കോഴ്സുകൾ നിർത്തലാക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) തൊഴിൽ സാദ്ധ്യതകൾ വിരളമാണെന്നു കണ്ടതിനാലും കോഴ്സിൽ ചേരുവാനുള്ള അപേക്ഷകരുടെ എണ്ണം കുറവായതിനാലും പുതിയതായി ആരംഭിച്ച ദ്വിവൽസര വൊക്കേഷണൽ കോഴ്സുകൾ കൂടുതൽ മെച്ചമായതിനാലും ആണ് ഈ കോഴ്സുകൾ നിർത്തലാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്.

(സി) തൊഴിൽ സാദ്ധ്യതകൾ വളരെ കുറവായ ഈ കോഴ്സുകൾ തുടർന്നു നടത്തുന്നത് അഭിലഷണീയമായിരിക്കുകയില്ല.

കുണ്ടറയിൽ ഒരു ഗവൺമെന്റ് കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി

411 [757] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഒരു വ്യവസായ മേഖലയായ കുണ്ടറയിൽ ഒരു ഗവൺമെന്റ് കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന് ഗവൺമെന്റിനു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വർഷം കുണ്ടറയിൽ ഒരു കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനെപ്പറ്റി പരിഗണിക്കുന്നതാണെന്ന് നിവേദനത്തിനു മറുപടി നൽകിയിട്ടുണ്ട്. പുതിയ ഗവൺമെന്റ് കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമ്പോൾ കുണ്ടറയുടെ കാര്യവും പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly